**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 466** **28-06-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പ് ആരംഭിക്കുന്നത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാരും തെരെഞ്ഞെടുത്ത ഇൻഷ്വറൻസ് കമ്പനിയുമായുള്ള പരസ്പര ഉടമ്പടി പ്രകാരം 01.07.2022 -ന് തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ജീവനക്കാരും പെൻഷൻകാരും അടക്കേണ്ട വിഹിതം എത്രയാണെന്നും സർക്കാർ അടക്കുന്ന വിഹിതം എത്രയാണെന്നും വിശദമാക്കാമോ; | (ബി) | **മെഡിസെപ് പദ്ധതി പ്രകാരം ജീവനക്കാരൻ അടയ്ക്കേണ്ട വാർഷിക പ്രീമിയം തുക GST ഉൾപ്പെടെ 6000/- രൂപ ആയി നിശ്ചയിച്ചിരിക്കുന്നു. മുഴുവൻ തുകയും ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.** |
| (സി) | സർക്കാർ വിഹിതം അടക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | **മെഡിസെപ് പദ്ധതി പ്രകാരം ജീവനക്കാരൻ അടയ്ക്കേണ്ട വാർഷിക പ്രീമിയം തുക GST ഉൾപ്പെടെ 6000/- രൂപ ആയി നിശ്ചയിച്ചിരിക്കുന്നു. മുഴുവൻ തുകയും ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.** |
| (ഡി) | സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ചികിത്സക്കായി റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ; | (ഡി) | സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ചികിത്സയ്ക്കായി റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷം ചെലവഴിച്ച തുക ചുവടെ പറയും പ്രകാരമാണ്.<br><br>**വർഷം ചെലവ്**<br><br>2017-18 - 42 .99 കോടി<br><br>2018-19 - 46.70 കോടി<br><br>2019-20 - 47.35 കോടി<br><br>2020-21 - 49.01 കോടി |

| | | | |
|---|---|---|---|
| | | | 2021-22 - 53.29 കോടി |
| (ഇ) | മെഡിസെപ്പ് പദ്ധതിയുടെ കീഴിൽ എംപാനൽ ചെയ്യപ്പെട്ട സംസ്ഥാനത്തെ ആശുപത്രികളുടെ ലിസ്റ്റ് ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (ഇ) | RFP -യിലെ നിബന്ധനകൾ പ്രകാരമാണ് പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി അന്തിമ ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് സർക്കാറിലേയ്ക്ക് സമർപ്പിക്കുന്നത്. ഇൻഷ്വറൻസ് കമ്പനി പദ്ധതിയിലുൾപ്പെടുന്ന ആശുപത്രികളുടെ അന്തിമ എംപാനൽമെന്റ് ലിസ്റ്റ് ലഭ്യമാക്കിയാലുടൻ ഒാരോ ജില്ലയിലും മെഡിസെപ് പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത ആശുപത്രികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ